ഉത്തരം

(എ) ഇപ്പോൾ സ്പെഷ്യൽ റൂൾസ് നിലവിലില്ല. ഫാമിലി പ്ലാനിംഗ് ഹെൽത്ത് അസിസ്റ്റന്റുമാരുടെ പ്രമോഷൻവഴിയും അവരുടെ അഭാവത്തിൽ നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേനയും ഇപ്പോൾ നിയമനം നടത്തുന്നു. അവർ ഇപ്പോൾ ജൂനിയർ എച്ച്. ഐ. ഗ്രേഡ്- I എന്നറിയപ്പെടുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(ബി) ആരോഗ്യവകുപ്പിൽ ജോലിചെയ്യുന്ന നിശ്ചിത പൊതുവിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുമുള്ള എല്ലാജീവനക്കാർക്കും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ആയി തസ്തികമാറ്റം മുഖേന നിയമനം നൽകാവുന്നതാണ്.

(സി) സ്പെഷ്യൽ റൂൾ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. അടിസ്ഥാനവിദ്യാഭ്യാസയോഗ്യതയിൽ മാറ്റം വരുത്തുവാനും തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ, ഇതര വകുപ്പുകളിൽ നിലവിലുള്ള കാട്ട അനുവദിക്കുവാനും ഉദ്ദേശിക്കുന്നു.

(ഡി) സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ ജീവനക്കാരുടെ സേവന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ ഫയൽ ചെയ്യപ്പെടുകയും അങ്ങനെ വ്യക്തിപരമായി നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. തന്മൂലം സീനിയോറിട്ടിയിലും പ്രമോഷനിലും സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതോടെ നിലവിലുള്ള അനാവശ്യ തർക്കങ്ങൾ ഒഴിവാക്കി സേവനമേഖലയിലെ നടപടിക്രമങ്ങൾ ലഘുവും കൂടുതൽ സുതാര്യവുമാക്കാവുന്നതാണ്. അതുവഴി പരിഹരിക്കപ്പെടാതെ കിടക്കുന്ന അനേകം സേവന തർക്കങ്ങളിൽ തീരുമാനം കൈക്കൊള്ളുവാൻ കഴിയും.

മേൽപ്പറഞ്ഞ കോടതി കേസുകൾ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്നു.

(ഇ) 71 ജീവനക്കാർക്ക്.

(എഫ്) സ്പെഷ്യൽസ് റൂൾസ് നിലവിൽ വരുന്നതിന് ശേഷമുള്ള നിയമനങ്ങൾ പ്രസ്തുത റൂളിന് വിധേയമായിട്ടായിരിക്കും നടത്തുന്നത്.

കെ. എച്ച്. ആർ. ഡബ്ല്യു. സൊസൈറ്റിയുടെ സി. റ്റി. സ്കാനർ

250 [3225] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ല്യു. സൊസൈറ്റി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹോൾബോഡി സി. റ്റി. സ്കാനർ സ്ഥാപിച്ചതെന്നാണെന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെയായി എന്തുതുക ഈ സ്കാനിംഗ് കേന്ദ്രത്തിൽനിന്ന് സൊസൈറ്റിക്ക് വരുമാനം ലഭിച്ചിട്ടുണ്ട്; ഇതിൽ എന്തുതുക സ്കാനർ വാങ്ങുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്ത ലോണിലേക്ക് തിരിച്ചടച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ ഈ സ്കാനർ പ്രവർത്തനക്ഷമമാണോ;

(ഡി) ഈ സ്കാനർ സ്ഥാപിക്കുമ്പോൾ ഇവിടെ ഉണ്ടായിരുന്ന ജീവനക്കാർ എത്രയായിരുന്നുവെന്നും ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 16-6-2000-ൽ സ്ഥാപിച്ചു.

(ബി) ഇതുവരെ 148.50 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും 121 ലക്ഷം രൂപ ബാങ്ക് ഓഫ് ഇന്ത്യയുടെ ലോൺ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്.

(സി) പ്രവർത്തനക്ഷമമാണ്.

(ഡി) I. സ്കാനർ സ്ഥാപിക്കുമ്പോൾ ഉണ്ടായിരുന്ന ജീവനക്കാർ:

(A)	*ഡെപ്യൂട്ടേഷൻ സ്റ്റാഫ്*		
	റേഡിയോളജിസ്റ്റ്	3	എണ്ണം
(B)	*സ്ഥിരം ജീവനക്കാർ*		
1.	ഇലക്ട്രിക്കൽ ഓവർസിയർ	1	എണ്ണം
2.	ക്ലാർക്ക്/അക്കൗണ്ടന്റ്	1	"
3.	അറ്റന്റർ	1	"
4.	ക്ലീനിംഗ് സൂപ്പർവൈസർ	1	"
5.	നൈറ്റ് വാച്ച്മാൻ	1	"
(C)	*കോൺട്രാക്ട് ജീവനക്കാർ*		
1.	റേഡിയോഗ്രാഫർ	4	എണ്ണം
2.	സ്റ്റാഫ് നഴ്സ്	2	"
(D)	*ദിവസക്കൂലി ജീവനക്കാർ*		
1.	ടൈപ്പിസ്റ്റ്	1	എണ്ണം
2.	ക്ലീനർ	1	"
	ആകെ	**16**	**എണ്ണം**

LIBRARY ARCHIVES Kerala Legislative Assembly

II. ഇപ്പോൾ ഉള്ള ജീവനക്കാർ:

(A)	*ഡെപ്യൂട്ടേഷൻ സ്റ്റാഫ്*		
	റേഡിയോളജിസ്റ്റ്	2	എണ്ണം
(B)	*സ്ഥിരം സ്റ്റാഫ്*		
	1. ഇലക്ട്രിക്കൽ ഓവർസിയർ	1	എണ്ണം
	2. ക്ലാർക്ക്/അക്കൗണ്ടന്റ്	1	,,
	3. അറ്റന്റർ	1	,,
	4. ക്ലീനിംഗ് സൂപ്പർവൈസർ	1	,,
	5. നൈറ്റ് വാച്ച്മാൻ	1	,,
(C)	*കോൺട്രാക്ട് ജീവനക്കാർ*		
	1. റേഡിയോഗ്രാഫർ	3	എണ്ണം
	2. സ്റ്റാഫ് നഴ്സ്	1	,,
(D)	*ദിവസക്കൂലി ജീവനക്കാർ*		
	1. ടൈപ്പിസ്റ്റ്	1	എണ്ണം
	2. ക്ലീനർ	1	,,
	ആകെ	**13**	**എണ്ണം**

തിരുവനന്തപുരം എസ്. എ. ടി.യിൽ പീഡിയാട്രിക് നെഫ്രോളജി ഡിവിഷൻ

251 [3226] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്. എ. ടി.യിൽ പീഡിയാട്രിക് വിഭാഗത്തിന്റെ കീഴിൽ പീഡിയാട്രിക് നെഫ്രോളജി ഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പീഡിയാട്രിക് നെഫ്രോളജി ഡിവിഷൻ ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) തിരുവനന്തപുരം എസ്. എ. ടി.യിൽ പീഡിയാട്രിക് വിഭാഗത്തിന്റെകീഴിൽ പീഡിയാട്രിക് നെഫ്രോളജി യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly